(ബി) നിരന്തരമായി റെയിഡുകൾ നടത്തിയും വാഹനപരിശോധനകൾ നടത്തിയും വ്യജചാരായവാറ്റും വിൽപ്പനയും തടയുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പ് 54 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) വ്യാജചാരായവാറ്റും വിൽപ്പനയും തടയുന്നതിന് കർശനമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

53 (368) സോഷ്യൽ ഫോറസ്ട്രി പ്രോജക്ട്

ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ അയർകുന്നം പഞ്ചായത്തിൽ പുന്നത്തറയിൽ സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ടുമെന്റും പഞ്ചായത്തും ചേർന്ന് ഒരു പ്രോജക്ട് ഏറ്റെടുത്ത് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇതിനുവേണ്ടി എത്ര രൂപ അനുവദിച്ചിട്ടുണ്ട്;

(ഡി) ഇതിനു ഈ വർഷവും അടുത്ത സാമ്പത്തിക വർഷവും എത്ര രൂപ വീതം നൽകുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി)(സി)&(ഡി) ചോദ്യം ഉദിക്കുന്നില്ല.

54 (371) ആനകളുടെ സംരക്ഷണം

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനകളുടെ സംരക്ഷണത്തിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) കാട്ടിലുള്ള ആനകളുടെ എണ്ണം എത്ര; ഈ കണക്ക് എന്നാണ് എടുത്തിട്ടുള്ളത്;

(സി) കാട്ടാനകളുടെ എണ്ണം എത്ര;

(ഡി) നാട്ടാനകൾക്ക് ഉണ്ടാകുന്ന രോഗങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ഇ) തൃശൂർ ജില്ലയിൽ ആനകുട്ടികൾ രോഗംമൂലം ചെരിയുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം വ്യക്തമാക്കുമോ;

(എഫ്) തൃശ്ശൂർ കൂടൽകുളങ്ങരക്ഷേത്രത്തിലെ ആനക്കുട്ടി ജനുവരി 30 -ന് ചെരിഞ്ഞത് എന്തു രോഗം മൂലമാണ്; ഇതുസംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തുന്നുണ്ടോ;

(ജി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly